# മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് (ക്രി. 1703-1792)

18-ാം നൂറ്റാണ്ടിൽ അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി ഒരു വിപ്ലവം തന്നെ സൃഷ്ടിച്ച നവോത്ഥാന നായകനാണ് ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ്. ദൽഹിയിൽ ഷാ വലിയ്യുല്ലാ എന്ന പരിഷ്കർത്താവിനെ സൃഷ്ടിച്ച അതേ സാമൂഹിക-രാഷ്ട്രീയ സാഹചര്യമാണ് ഏതാണ്ട് അതേ കാലത്ത് തന്നെ മറ്റൊരു തട്ടകത്തിൽ മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിലെ പരിഷ്കർത്താവിനും ജന്മം നല്കിയത്. വിശാലമായ ഇസ്ലാമിക ലോകത്തിന്റെ ഏതാണ്ടെല്ലാ മേഖലകളിലും ബാധിച്ച വിശ്വാസപരവും ധാർമികവുമായ ജീർണതകൾക്കെതിരിലായിരുന്നു അദ്ദേഹത്തിന്റെ പോരാട്ടം. ആരോഗ്യകരമായ വാദപ്രതിവാദങ്ങളിലൂടെയും മറ്റു പ്രചാരണ മാർഗങ്ങളിലൂടെയും തൗഹീദിന്റെ മൗലിക പ്രമാണങ്ങൾ ജനങ്ങളെ അദ്ദേഹം ധരിപ്പിച്ചു. അതുവഴി കുറേയാളുകൾ തന്റെ പ്രബോധനം സ്വീകരിച്ചപ്പോൾ അതിലുമെത്രയോ ഇരട്ടിയാളുകൾ ശത്രുക്കളായി മാറി. സത്യപ്രബോധനത്തിന്റെ സമ്പൂർണ വിജയത്തിന് രാഷ്ട്രീയ ശക്തികൂടി ആവശ്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം ഗോത്രത്തലവന്മാരോടും നാട്ടുപ്രമാണിമാരോടും സഹകരണം അഭ്യർഥിച്ചു. ദിർഇയ്യഃയിലെ ഭരണാധികാരിയായിരുന്ന മുഹമ്മദുബ്നു സുഊദിൽനിന്നാണ് പ്രതീക്ഷിച്ച സഹകരണം ലഭിച്ചത്. ഇബ്നുസുഊദിന്റെ രാഷ്ട്രീയമായ പിൻബലം ശൈഖിന്റെ പ്രസ്ഥാനത്തിന് ഇസ്ലാമിക ചരിത്രത്തിലെ വിജയം വരിച്ച നവോത്ഥാന പ്രസ്ഥാനം എന്ന പദവി നേടിക്കൊടുത്തു. ഭരണ സ്വാധീനമുപയോഗിച്ച് ബഹുദൈവത്വപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും തുടച്ചുനീക്കാൻ അദ്ദേഹത്തിന് സാധിച്ചു. പ്രവാചകന്റെ പാദസ്പർശമേറ്റ മക്കഃയും മദീനഃയും ഇന്നും ബഹുദൈവത്വപരമായ ആചാരങ്ങളിൽനിന്ന് രക്ഷപ്പെട്ടുനില്ക്കുന്നത് അബ്ദുൽ വഹ്ഹാബിന്റെ പ്രസ്ഥാനത്തിന്റെ സ്വാധീനഫലമാണ്. ഇന്ന് ഇസ്ലാമിക ലോകത്തിന്റെ പല ഭാഗങ്ങളിലും സ്വന്തമായ പരിഷ്കരണ പ്രവർത്തനങ്ങളുമായി സജീവം നിലനില്ക്കുന്ന സലഫീ ചിന്താധാരയുടെ പ്രധാന ശക്തിസ്രോതസ്സ് ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിന്റെ അധ്യാപനങ്ങളാണ്.